1060
20/1/21

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - ജീവനക്കാര്യം - പാലക്കാട് ജില്ലാ ലേബർ ഓഫീസിലെ ക്ലാർക്ക് ശ്രീ. ബൈജു.പി-യ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്**

**സ.ഉ.(കൈ) നം.4/2021/തൊഴിൽ** തീയതി,തിരുവനന്തപുരം, 20/01/2021

പരാമർശം:- 1 02.12.1991-ലെ സ. ഉ (പി) നം.36/91/പി.& എ. ആർ.ഡി. നമ്പർ ഉത്തരവ്

2 ലേബർ കമ്മീഷണറുടെ 05.03.2020, 12.08.2020 എന്നീ തീയതികളിലെ ഇ6-16136/18 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലാ ലേബർ ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റം മുഖേന 21.03.2019-ൽ ജോലിയിൽ പ്രവേശിച്ച ശ്രീ. ബൈജു പി - യുടെ ഇളയകുട്ടി കുമാരി ദേവനന്ദ എ.ബി, ഡയബറ്റിസ് മിലിട്ടസ് രോഗബാധിതയായതിനാൽ നാലുനേരം ഇൻസുലിൻ ഇഞ്ചക്ഷൻ നൽകേണ്ടി വരുന്നതിനാലും കുട്ടിയെ നിരന്തരം പരിചരിച്ച് ജീവൻ നിലനിർത്തേണ്ടതിനാലും ആലപ്പുഴ ജില്ലാ ലേബർ ഓഫീസിലെ ക്ലാർക്ക് തസ്തികയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം ലേബർ കമ്മീഷണർ അപേക്ഷിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തൊഴിൽ വകുപ്പിലെ പാലക്കാട് ജില്ലാ ലേബർ ഓഫീസിലെ ക്ലാർക്ക് ശ്രീ ബൈജു.പി - യുടെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 5 പ്രകാരമുള്ള ഇളവ് നൽകി ആലപ്പുഴ ജില്ലാ ലേബർ ഓഫീസിലെ ക്ലാർക്ക് തസ്തികയിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സത്യജിത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ ബൈജു.പി, ക്ലർക്ക്, ജില്ലാ ലേബർ ഓഫീസ്, പാലക്കാട് (ലേബർ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.)വകുപ്പ് ( 13.01.2021-ലെ ഇനം നം. 4489 പ്രകാരം)
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (06.05.2020-ലെ U.O(F) നം. Adv-B1-1069/20/പി. &എ. ആർ.ഡി)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
കരുതൽ ശേഖരം / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by ANISHA VIJAYAN
Date: 2021.01.20 12:0?:24 IST
Reason: Approved
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 13-01-2021**

ഫയൽ നം. 98/ഡി3/2020/തൊഴിൽ. ഇനം നം: 4489

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - തൊഴിൽ വകുപ്പിലെ പാലക്കാട് ജില്ലാ ലേബർ ഓഫീസിലെ ക്ലാർക്ക് ശ്രീ. ബൈജു.പി.-യ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

12/1/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

16/1/2021

16/1/21

4489

കേരള സർക്കാർ
(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : 98/ഡി3/2020/തൊഴിൽ |
| 2 | വകുപ്പ് | : തൊഴിലും നൈപുണ്യവും (ഡി) വകുപ്പ് |
| 3 | വിഷയം | : തൊഴിൽ വകുപ്പിലെ പാലക്കാട് ജില്ലാ ലേബർ ഓഫീസിലെ ക്ലാർക്ക് ശ്രീ.ബൈജു.പി.യ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : 24.11.2020 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : അല്ല |
| | ii. സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിച്ചുണ്ടോ | : |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഉണ്ട്. ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : ശ്രീമതി ലീമാ മാനുവൽ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്. | : ശ്രീ. സത്യജിത് രാജൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി. | : 23.12.2020. |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി. | : 29.12.2020. |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്. | : ശ്രീ. ടി.പി.രാമകൃഷ്ണൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : 31.12.2020. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി തീയതി. | : 06.01.21 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി. | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തൊഴിൽ വകുപ്പിലെ പാലക്കാട് ജില്ലാ ലേബർ ഓഫീസിലെ ക്ലാർക്ക് ശ്രീ.ബൈജു.പി.യ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ആലപ്പുഴ ജില്ലാ ലേബർ ഓഫീസിൽ ക്ലാസ് -IV ജീവനക്കാരനായിരുന്ന ശ്രീ.ബൈജു പി. തസ്തിക മാറ്റം വഴി പാലക്കാട് ജില്ലാ ലേബർ ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ 21/03/2019 തീയതിയിൽ ജോലിയിൽ പ്രവേശിച്ചിരുന്നു. ടിയാന്റെ ഇളയ കുട്ടി കുമാരി. ദേവനന്ദ (9 വയസ്സ്) ഡയബറ്റിസ് മിലിട്ടസ് രോഗബാധിതയാണ്. ടി കുട്ടിയ്ക്ക് 4 നേരം ഇൻസുലിൻ ഇൻജക്ഷൻ നൽകേണ്ടതുണ്ട്. കുട്ടിയുടെ ജീവൻ നിലനിർത്തുന്നതിന് നിരന്തരം പരിചരണം ആവശ്യമായതിനാൽ തനിക്ക് സ്വന്തം ജില്ലയായ ആലപ്പുഴയിലെ ജില്ലാ ലേബർ ഓഫീസിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് ശ്രീ.ബൈജു.പി അപേക്ഷിച്ചിരുന്നു.

3. 02.12.1991- ലെ ജി.ഒ.(പി) നമ്പർ 36/91/പി & എ.ആർ.ഡി. ഉത്തരവിന്റെ ഖണ്ഡിക 5 പ്രകാരം അന്തർ ജില്ലാ സ്ഥലംമാറ്റങ്ങൾക്ക് ഓപ്റ്റഡ് ജില്ലയിൽ 5 വർഷം തികയണമെന്ന ചട്ടത്തിന് ഇളവ് നൽകുന്നതിന് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യമാണ്.

4. ടിയാന്റെ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ യഥാർത്ഥ്യമാണെന്നും കുട്ടിയുടെ രോഗാവസ്ഥ കണക്കിലെടുത്ത് ടിയാന്റെ അപേക്ഷ പരിഗണിക്കാവുന്നതാണെന്നും ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ഈ വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്നതിനുള്ള അഞ്ചുവർഷ സേവന നിബന്ധനയിൽ ഇളവ് 02.12.1991 ലെ ജി.ഒ.(പി) നമ്പർ 36/91/പി & എ.ആർ.ഡി. ഉത്തരവിന്റെ ഖണ്ഡിക 5 -ലെ വ്യവസ്ഥ പ്രകാരം അനുവദിക്കാമെങ്കിലും, സ്ഥലംമാറ്റം അനുവദിക്കുന്നതിന് ഒഴിവ് ആവശ്യമാണ്. നിലവിൽ ഒഴിവ് ഇല്ലാത്ത സാഹചര്യത്തിൽ 06.02.2013 -ലെ സ.ഉ(പ ി)നം.5/2013/ഉ.ഭ.പ.വ ഉത്തരവിന്റെ ഖണ്ഡിക 3(xi) പ്രകാരം അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്നതിനുള്ള ഒഴിവ് വരുന്ന സാഹചര്യത്തിൽ പരിഗണിക്കുന്നതാണ് ഉചിതം എന്നറിയിയ്ക്കുന്നു."

6. മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.ബൈജു.പി. അന്തർ ജില്ലാ സ്ഥലംമാറ്റം ആവശ്യപ്പെട്ടിരുന്ന ആലപ്പുഴ ജില്ലയിൽ ഒഴിവ് ഇല്ലാത്തതിനാൽ ഒഴിവ് വരുന്ന സാഹചര്യത്തിൽ പരിഗണിയ്ക്കുന്നതിനായി ശുപാർശ സമർപ്പിയ്ക്കാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു.

7. ഇപ്പോൾ ആലപ്പുഴ ജില്ലാ ലേബർ ഓഫീസിലെ ഒരു ക്ലാർക്ക് വകുപ്പിൽ നിന്നും വിടുതൽ ചെയ്തതിനാൽ ഒഴിവ് വന്നിട്ടുള്ളതായി ലേബർ കമ്മീഷണർ അറിയിച്ചിരിയ്ക്കുന്നു.

8. 02.12.1991 ലെ ജി.ഒ.(പി) നമ്പർ 36/91/പി & എ.ആർ.ഡി. ഉത്തരവിലെ ഖണ്ഡിക 5 - പ്രകാരമുള്ള ഇളവ് നൽകി പാലക്കാട് ജില്ലാ ലേബർ ഓഫീസിലെ ക്ലാർക്ക് ശ്രീ.ബൈജു.പി.യ്ക്ക് ആലപ്പുഴ ജില്ലാ ലേബർ ഓഫീസിലെ ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന വിഷയം പരിഗണിയ്ക്കുന്നതിലേയ്ക്കായി ഇക്കാര്യം മന്ത്രിസഭായോഗം മുൻപാകെ സമർപ്പിയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

9. എന്നാൽ കരട് കുറിപ്പുകൾ സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി ഈ വിഷയത്തിൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി ഫയൽ ഉത്തരവിനായി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി.

" the note for considering the request of Shri. Baiju, Clerk, District labour Office, Palakkad for inter-district transfer to Alappuzha District owing to the reason that his daughter Kumari, Devananda was suffering from Diabetis Mellitus and need to take injection 4 times a day.

Daughter was suffering, when he joined on 21.03.2019 at Palakkad. This is not a justified reason to seek transfer within one year of his joining. Acceptance of the proposal may lead to precedent and it may encourage similarly situated persons to approach Government with the same request. Hence, no relaxation should be given. The proposal to place the matter before the Council of Ministers may be reconsidered."

10. ഇക്കാര്യത്തിൽ ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ ചുവടെ ചേർത്തിട്ടുള്ള അഭിപ്രായ പ്രകാരം ബഹു. മുഖ്യമന്ത്രി വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

"ആലപ്പുഴ ജില്ലാ ലേബർ ഓഫീസിൽ ക്ലാസ്സ് IV ജീവനക്കാരനായി ജോലിനോക്കി വരവെയാണ് ശ്രീ പി. ബൈജുവിന് എൽ.ഡി ക്ലാർക്ക് തസ്തികയിലേക്ക് പാലക്കാട് ജില്ലയിൽ തസ്തികമാറ്റ നിയമനം ലഭിക്കുന്നത്. തന്റെ ഇളയകുട്ടിയുടെ പ്രമേഹരോഗത്തിന് തീവ്ര പരിചരണം ആവശ്യമുള്ളതിനാൽ തനിക്ക് 1991-ലെ സർക്കാർ ഉത്തരവ് ഖണ്ഡിക 5 പ്രകാരമുള്ള ഇളവ് ലഭ്യമാക്കി ആലപ്പുഴ ജില്ലയിലേക്ക് അന്തർ ജില്ലാ മാറ്റം അനുവദിക്കണമെന്നാണ് അപേക്ഷകന്റെ ആവശ്യം. അപേക്ഷ ആലപ്പുഴ ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുള്ളത് പരിഗണിച്ചും താഴ്ന്ന വിഭാഗം തസ്തികയിൽ നിന്നുള്ള തസ്തികമാറ്റ നിയമനമാണെന്ന വസ്തുത പരിഗണിച്ചും വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്".

<u>തീരുമാനിക്കേണ്ട കാര്യം</u>

പാലക്കാട്ട് ജില്ലാ ലേബർ ഓഫീസിലെ ക്ലാർക്ക് ശ്രീ. ബൈജു പി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടിയാന്റെ കുട്ടിക്ക് തീവ്ര പരിചരണം ആവശ്യമുള്ളതിനാൽ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും, താഴ്ന്ന തസ്തികയിൽ നിന്നുള്ള തസ്തികമാറ്റ നിയമനമാണെന്ന വസ്തുത പരിഗണിച്ചും, 02.12.1991-ലെ സ. ഉ (പി) നം. 36/91/പി& എ.ആർ.ഡി ഉത്തരവിലെ ഖണ്ഡിക 5 പ്രകാരമുള്ള ഇളവ് ലഭ്യമാക്കി ടിയാന് ആലപ്പുഴ ജില്ലാ ലേബർ ഓഫീസിലെ ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിക്കാവുന്നതാണോ?